## 2025 നവംബർ 27 -30 തീയതികളിലെ നന്ദിപ്രകാശന സമന്വയ കോൺഫറൻസിനായുള്ള ദൂതുകളുടെ രൂപരേഖ

### പൊതു വിഷയം:
### മത്തായിയിൽ വെളിപ്പെടുത്തിയിരിക്കുന്ന സർവവും ഉൾക്കൊള്ളുന്ന ക്രിസ്തു

### ദൂത് നാല്
### പ്രക്രിയാവിധേയനായ ത്രിയേക ദൈവത്തിന്റെ കേന്ദ്രമായ ക്രിസ്തു

JL *Hymns*: ML60, ML527

തിരുവെഴുത്ത് വായന: മത്താ. 28:19; 1 കൊരി. 15:45; 2 കൊരി. 3:17; 13:14

| | |
|---|---|
| മത്താ. 28:19 | ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്കു സ്നാനപ്പെടുത്തിക്കൊണ്ടും, |
| 1 കൊരി. 15:45 | അങ്ങനെ, "ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹി ആയിത്തീർന്നു" എന്ന് എഴുതിയിരിക്കുന്നു; ഒടുക്കത്തെ ആദാം ജീവൻ-നൽകുന്ന ആത്മാവ് ആയിത്തീർന്നു. |
| 2 കൊരി. 3:17 | കൂടാതെ കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവ് എവിടെയോ, അവിടെ സ്വാതന്ത്ര്യമുണ്ട്. |
| 2 കൊരി. 13:14 | കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ. |

**I. ദിവ്യ ത്രിത്വത്തെ സംബന്ധിച്ച സുവ്യക്തമായ വെളിപാട് മത്തായി 28:19-ൽ കാണാം: "ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്ക് സ്നാനപ്പെടുത്തിക്കൊണ്ട്...സകല ജാതികളെയും ശിഷ്യരാക്കുവിൻ":**

A. *നാമത്തിലേക്ക്* എന്നത് വ്യക്തിയെ സൂചിപ്പിക്കുന്നു:

1. സ്നാനപ്പെടുക എന്നാൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്ക്, വ്യക്തിയിലേക്ക്, പ്രക്രിയാവിധേയനായ ത്രിയേക ദൈവവുമായുള്ള ജൈവിക ഐക്യത്തിലേക്ക് സ്നാനപ്പെടുന്നതാണ്.
2. റോമർ 6:3, ഗലാത്യർ 3:27, 1 കൊരിന്ത്യർ 12:13 എന്നീ വാക്യങ്ങളിലെന്ന പോലെ 28:19-ലുള്ള *-ലേക്ക്* എന്ന വാക്ക് ഐക്യത്തെ സൂചിപ്പിക്കുന്നു.

| | |
|---|---|
| മത്താ. 28:19 | ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്കു സ്നാനപ്പെടുത്തിക്കൊണ്ടും, |
| റോമ. 6:3 | അതോ ക്രിസ്തു യേശുവിലേക്ക് സ്നാനപ്പെട്ട നാം എല്ലാവരും അവന്റെ മരണത്തിലേക്ക് സ്നാനപ്പെട്ടിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ? |
| ഗലാ. 3:27 | ക്രിസ്തുവിലേക്ക് സ്നാനപ്പെട്ടവരായ നിങ്ങളൊക്കെയും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നുവല്ലോ. |
| 1 കൊരി. 12:13 | യെഹൂദന്മാരോ യവനന്മാരോ ആകട്ടെ, അടിമകളോ സ്വതന്ത്രരോ ആകട്ടെ, നമ്മെ എല്ലാവരെയും ഒരു ആത്മാവിൽ ഒരു ശരീരത്തിലേക്ക് സ്നാനപ്പെടുത്തുകയും, എല്ലാവർക്കും ഒരു ആത്മാവിനെ പാനം ചെയ്യുവാൻ നൽകുകയും ചെയ്തു. |

3. ത്രിയേക ദൈവത്തിന്റെ നാമത്തിലേക്ക് ജനത്തെ സ്നാനപ്പെടുത്തുന്നത് അവനുമായുള്ള ആത്മികവും മാർമികവുമായ ഐക്യത്തിലേക്ക് അവരെ സ്നാനപ്പെടുത്തുന്നതാണ്.
4. മത്തായി 28:19-ൽ ദിവ്യ ത്രിത്വത്തിന് ഒരു നാമമാണുള്ളത്:

മത്താ. 28:19 ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്കു സ്നാനപ്പെടുത്തിക്കൊണ്ടും,

   a. നാമം എന്നത് ദിവ്യ ആളത്തത്തിന്റെ ആകെത്തുകയാണ്, അത് അവൻ എന്ന വ്യക്തിക്ക് തുല്യമാണ്.
   b. ത്രിയേക ദൈവത്തിന്റെ നാമത്തിലേക്ക് വിശ്വാസികളെ സ്നാനപ്പെടുത്തുക എന്നാൽ ത്രിയേക ദൈവം താൻ ആയിരിക്കുന്ന എല്ലാറ്റിലേക്കും അവരെ നിമജ്ജനം ചെയ്യുന്നതാണ്.

B. ദൈവം ഒരുവനിൽ മൂവരാണ്—2 കൊരി. 13:14:

2 കൊരി. 13:14 കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

1. മത്തായി 28:19-ൽ കർത്താവ് മൂന്ന് വ്യക്തികളെക്കുറിച്ച് സംസാരിച്ചു—പിതാവും, പുത്രനും, പരിശുദ്ധാത്മാവും.

മത്താ. 28:19 ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്കു സ്നാനപ്പെടുത്തിക്കൊണ്ടും,

2. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തെക്കുറിച്ച് അവൻ ഇവിടെ സംസാരിച്ചപ്പോൾ, മൂലഭാഷയിൽ *നാമം* എന്ന വാക്ക് ഏകവചനത്തിലാണ്.
3. ഇതിനർഥം പിതാവും, പുത്രനും, ആത്മാവും മൂന്നാണെങ്കിലും നാമം ഒന്നാകുന്നു എന്നാണ്.
4. മൂന്ന് വ്യക്തികൾക്ക് ഒരു നാമം ഉള്ളത് തികച്ചും മാർമികമാണ്, അത് ദൈവം ഒരുവനിൽ മൂവരാണെന്ന് വെളിപ്പെടുത്തുന്നു.
5. ഈ നാമത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂവരും ഉള്ളടങ്ങുന്നു.
6. ദൈവം നിസ്തുലമായി ഏകനാണെങ്കിലും, മൂന്ന് വ്യക്തികളുണ്ട്—പിതാവും പുത്രനും ആത്മാവും.

**II. ക്രിസ്തുവിലുള്ള വിശ്വാസികൾ എന്ന നിലയിൽ, നമ്മെ പ്രക്രിയാവിധേയനായ ത്രിയേക ദൈവത്തിലേക്ക് സ്നാനപ്പെടുത്തിയിരിക്കുന്നു:**

A. മത്തായി 28:19-ൽ കർത്താവായ യേശു നൽകിയിരിക്കുന്ന ആജ്ഞ, അവൻ ത്രിയേക ദൈവത്തിന്റെ പ്രക്രിയയുടെ പരിണതിയായ, പുനരുത്ഥാനത്തിലേക്ക് പ്രവേശിച്ചതിനുശേഷം നൽകിയതായിരുന്നു.

മത്താ. 28:19 ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്കു സ്നാനപ്പെടുത്തിക്കൊണ്ടും,

B. ജഡാവതാരത്തോടെ ആരംഭിച്ച്, മനുഷ്യജീവിതവും ക്രൂശുമരണവും ഉൾപ്പെട്ട, പുനരുത്ഥാനത്തോടുകൂടെ പരിണതിപ്രാപിച്ച ഒരു പ്രക്രിയയിലൂടെ ത്രിയേക ദൈവം കടന്നുപോയിരിക്കുന്നു.

C. പുനരുത്ഥാനത്തിൽ, ത്രിയേക ദൈവത്തിന്റെ ദേഹരൂപമായ ക്രിസ്തു, ജീവൻ നൽകുന്ന ആത്മാവായിത്തീർന്നു—1 കൊരി. 15:45; 2 കൊരി. 3:17.

| | |
|---|---|
| 1 കൊരി. 15:45 | അങ്ങനെ, "ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹി ആയിത്തീർന്നു" എന്ന് എഴുതിയിരിക്കുന്നു; ഒടുക്കത്തെ ആദാം ജീവൻ-നൽകുന്ന ആത്മാവ് ആയിത്തീർന്നു. |
| 2 കൊരി. 3:17 | കൂടാതെ കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവ് എവിടെയോ, അവിടെ സ്വാതന്ത്ര്യമുണ്ട്. |

D. ദിവ്യത്രിത്വത്തിലേക്ക് സ്നാനപ്പെടുന്നതിന് ഈ ആത്മാവ് ത്രിയേക ദൈവത്തിന്റെ പരിണതിയാണ്.

E. ത്രിയേക ദൈവമെന്ന വ്യക്തിയിലേക്ക് സ്നാനപ്പെടുന്നത്, പ്രക്രിയാവിധേയനായ ത്രിയേക ദൈവത്തിന്റെ ആത്യന്തിക പരിണതിയായ, സർവവും ഉൾക്കൊള്ളുന്ന, പരിണതിപ്രാപിച്ച ആത്മാവിലേക്ക് സ്നാനപ്പെടുന്നതാണ്:

1. ഇത് പിതാവിന്റെ സമ്പത്തിലേക്കും, പുത്രന്റെ സമ്പത്തിലേക്കും, ആത്മാവിന്റെ സമ്പത്തിലേക്കും സ്നാനപ്പെടുന്നതാണ്.
2. സ്നാനമേറ്റവരെന്ന നിലയിൽ, നാം ഇപ്പോൾ ത്രിയേക ദൈവവുമായി ഒരു ജൈവ ഐക്യത്തിലാണ്; അതുകൊണ്ട്, പിതാവിനുള്ളതും, പുത്രനുള്ളതും, ആത്മാവിനുള്ളതും നമ്മുടേതായിത്തീർന്നിരിക്കുന്നു.

F. ത്രിയേക ദൈവത്തിന്റെ നാമത്തിലേക്ക് സ്നാനപ്പെടുക എന്നാൽ അവനുമായി ഒരു മാർമികമായ ഐക്യത്തിലേക്ക് പ്രവേശിക്കുകയും ദൈവം താൻ ആയിരിക്കുന്നത് നമ്മുടെ ആളത്തത്തിലേക്ക് പ്രയോഗിക്കുകയും ചെയ്യുന്നതാണ്.

## III. പ്രക്രിയാവിധേയനായ ത്രിയേക ദൈവത്തിന്റെ കേന്ദ്രം ക്രിസ്തുവാണ്—2 കൊരി. 13:14:

| | |
|---|---|
| 2 കൊരി. 13:14 | കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ. |

A. ത്രിയേക ദൈവം കടന്നുപോയ നിർണായക പടികളെയാണ് *പ്രക്രിയാവിധേയൻ* എന്ന വാക്ക് സൂചിപ്പിക്കുന്നത്:

1. തന്റെ ജഡാവതാരത്തിനു മുമ്പ് ദൈവം പ്രക്രിയാവിധേയൻ അല്ലായിരുന്നു, അവന് ദിവ്യ സ്വഭാവം ഉണ്ടായിരുന്നു എന്നാൽ മനുഷ്യ സ്വഭാവം ഇല്ലായിരുന്നു, എന്നാൽ ജഡാവതാരം, മനുഷ്യജീവിതം, ക്രൂശുമരണം, പുനരുത്ഥാനം, സ്വർഗാരോഹണം എന്നീ പ്രക്രിയകളിലൂടെ ത്രിയേക ദൈവം പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനുമായി.
2. വെളിപ്പാട് പുസ്തകത്തിൽ ത്രിയേക ദൈവം ദിവ്യത്വം, മനുഷ്യത്വം, മനുഷ്യജീവിതം, സർവവും ഉൾക്കൊള്ളുന്ന മരണം, ശക്തമായ പുനരുത്ഥാനം, സർവാതീതമായ സ്വർഗാരോഹണം എന്നിവയോടുകൂടിയ പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനുമായ ത്രിയേക ദൈവമാണ്—1:4-5.

| | |
|---|---|
| വെളി. 1:4 | യോഹന്നാൻ ആസ്യയിലുള്ള ഏഴു സഭകൾക്ക്: ഉള്ളവനും ഉണ്ടായിരുന്നവനും വരുന്നവനുമായവനിൽ നിന്നും, അവന്റെ സിംഹാസനത്തിനു മുമ്പിലുള്ള ഏഴ് ആത്മാക്കളിൽ നിന്നും, |

| | |
|---|---|
| വെളി. 1:5 | വിശ്വസ്ത സാക്ഷിയും, മരിച്ചവരിൽ നിന്ന് ആദ്യജാതനും ഭൂരാജാക്കന്മാരുടെ അധിപതിയുമായ യേശു ക്രിസ്തുവിൽ നിന്നും, നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടായിരിക്കട്ടെ. നമ്മെ സ്നേഹിക്കുകയും തന്റെ രക്തത്താൽ നമ്മുടെ പാപങ്ങളിൽനിന്നു നമ്മെ വിടുവിക്കുകയും, |

B. പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനുമായ ത്രിയേക ദൈവം ആത്മാവാണ്—22:17; യോഹ. 7:39:

| | |
|---|---|
| വെളി. 22:17 | വരിക! എന്ന് ആത്മാവും മണവാട്ടിയും പറയുന്നു. കേൾക്കുന്നവനും വരിക! എന്ന് പറയട്ടെ; ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി എടുക്കട്ടെ. |
| യോഹ. 7:39 | എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു.. |

1. ദൈവാത്മാവിന്റെ അഭിധാനങ്ങളുടെ എല്ലാ മൂലകങ്ങളുടെയും ആകെത്തുകയും സമഗ്രതയുമാണ് ആത്മാവ്—മത്താ. 3:16; 10:20; ലൂക്കൊ. 1:35; 4:18; റോമ. 8:9; ഗലാ. 4:6.

| | |
|---|---|
| മത്താ. 3:16 | സ്നാനപ്പെട്ട ശേഷം, യേശു ഉടനെ വെള്ളത്തിൽനിന്നു കയറി, ഇതാ, സ്വർഗം അവനു തുറക്കപ്പെട്ടു, ദൈവത്തിന്റെ ആത്മാവ് ഒരു പ്രാവെന്നപോലെ ഇറങ്ങി അവന്റെമേൽ വരുന്നത് അവൻ കണ്ടു. |
| മത്താ. 10:20 | എന്തെന്നാൽ സംസാരിക്കുന്നവർ നിങ്ങളല്ല, നിങ്ങളുടെ പിതാവിന്റെ ആത്മാവത്രേ നിങ്ങളിൽ സംസാരിക്കുന്നവൻ. |
| ലൂക്കൊ. 1:35 | ദൂതൻ അവളോട് ഉത്തരം പറഞ്ഞു, പരിശുദ്ധാത്മാവ് നിന്റെമേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും; അതുകൊണ്ടുതന്നെ ജനിക്കുന്ന വിശുദ്ധമായത് ദൈവപുത്രൻ എന്നു വിളിക്കപ്പെടും. |
| ലൂക്കൊ. 4:18 | "ദരിദ്രരോടു സുവിശേഷം അറിയിക്കുവാൻ അവൻ എന്നെ അഭിഷേകം ചെയ്തിരിക്കയാൽ, കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്; തടവുകാർക്കു വിടുതൽ പ്രഖ്യാപിക്കുവാനും, കുരുടന്മാർക്കു കാഴ്ച പ്രത്യുദ്ധരിക്കുവാനും, പീഡിതരെ വിടുതലോടെ അയയ്ക്കുവാനും അവൻ എന്നെ അയച്ചിരിക്കുന്നു, |
| റോമ. 8:9 | എന്നാൽ ദൈവത്തിന്റെ ആത്മാവ് നിശ്ചയമായും നിങ്ങളിൽ വസിക്കുന്നു എങ്കിൽ, നിങ്ങൾ ജഡത്തിലല്ല ആത്മാവിലത്രേ ആകുന്നു. എങ്കിലും ഒരുവന് ക്രിസ്തുവിന്റെ, ആത്മാവില്ലെങ്കിൽ, അവൻ അവനിൽനിന്നുള്ളവനല്ല. |
| ഗലാ. 4:6 | നിങ്ങൾ പുത്രന്മാർ ആയതിനാൽ, അബ്ബാ, പിതാവേ! എന്ന് നിലവിളിക്കുന്ന, തന്റെ പുത്രന്റെ ആത്മാവിനെ നമ്മുടെ ഹൃദയങ്ങളിലേക്ക് ദൈവം അയച്ചിരിക്കുന്നു. |

2. പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനുമായ ത്രിയേക ദൈവത്തിന്റെ പരിണതിയെന്ന നിലയിൽ, ആത്മാവ് ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ അനുഗ്രഹമാണ്—3:14.

| | |
|---|---|
| ഗലാ. 3:14 | അത് അബ്രാഹാമിന്റെ അനുഗ്രഹം ക്രിസ്തു യേശുവിൽ ജാതികൾക്ക് വരേണ്ടതിന്, നാം വിശ്വാസത്താൽ ആത്മാവ് എന്ന വാഗ്ദത്തം പ്രാപിക്കേണ്ടതിനാകുന്നു. |

C. വെളിപ്പാട് പുസ്തകത്തിലെ ത്രിയേക ദൈവം പണിയുന്നവനും പണിയപ്പെട്ടവനുമായ ദൈവമാണ്—21:18-19, 21:

| | |
|---|---|
| വെളി. 21:18 | മതിലിന്റെ പണി സൂര്യകാന്തം ആയിരുന്നു; നഗരം സ്വച്ഛമായ കണ്ണാടിപോലെ, ശുദ്ധതങ്കമായിരുന്നു. |
| വെളി. 21:19 | നഗരമതിലിന്റെ അടിസ്ഥാനങ്ങൾ സകല വിലയേറിയ കല്ലിനാലും അലങ്കരിച്ചിരുന്നു: ഒന്നാമത്തെ അടിസ്ഥാനം സൂര്യകാന്തം; രണ്ടാമത്തേത് നീലരത്നം; മൂന്നാമത്തേത് മാണിക്യം; നാലാമത്തേത് മരതകം; |
| വെളി. 21:21 | പന്ത്രണ്ടു കവാടങ്ങൾ പന്ത്രണ്ടു മുത്തുകൾ ആയിരുന്നു; ഓരോ കവാടവും ഓരോ മുത്തുകൊണ്ടുള്ളതായിരുന്നു. നഗരത്തിന്റെ വീഥി സുതാര്യമായ കണ്ണാടിപോലെ ശുദ്ധതങ്കം ആയിരുന്നു. |

1. വേദപുസ്തകം പുതിയ യെരൂശലേമിൽ പരിണതിപ്രാപിക്കുന്നു, അത് ആദിയിൽ ഉണ്ടായിരുന്ന സാക്ഷാൽ ദൈവം തന്നെയാണ്—ഉല്പ. 1:1; വെളി. 21:10:

| | |
|---|---|
| ഉല്പ. 1:1 | ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. |
| വെളി. 21:10 | അവൻ എന്നെ ആത്മാവിൽ വലുതും ഉയർന്നതുമായ ഒരു മലമേൽ എടുത്തുകൊണ്ടുപോയി, യെരൂശലേം എന്ന വിശുദ്ധനഗരം സ്വർഗത്തിൽ നിന്ന് ദൈവത്തിന്റെ പക്കൽനിന്ന്, ദൈവ തേജസ്സുള്ളതായി ഇറങ്ങിവരുന്നത് കാണിച്ചുതന്നു. |

a. നിസ്തുലനായ ദൈവം ഒടുവിൽ തന്റെ നിത്യ ആവിഷ്കാരത്തിന് ഒരു നഗരമായി വിശാലമാക്കപ്പെടുകയും വിപുലീകരിക്കപ്പെടുകയും ചെയ്തു.

b. തന്റെ വ്യവസ്ഥയിൽ ദൈവം പുതിയ യെരൂശലേമായിത്തീർന്നിരിക്കുന്നു—വാ. 10.

| | |
|---|---|
| വെളി. 21:10 | അവൻ എന്നെ ആത്മാവിൽ വലുതും ഉയർന്നതുമായ ഒരു മലമേൽ എടുത്തുകൊണ്ടുപോയി, യെരൂശലേം എന്ന വിശുദ്ധനഗരം സ്വർഗത്തിൽ നിന്ന് ദൈവത്തിന്റെ പക്കൽനിന്ന്, ദൈവ തേജസ്സുള്ളതായി ഇറങ്ങിവരുന്നത് കാണിച്ചുതന്നു. |

c. പുതിയ യെരൂശലേമിൽ ത്രിയേക ദൈവം തന്റെ തിരഞ്ഞെടുക്കപ്പെട്ടവരും വീണ്ടെടുക്കപ്പെട്ടവരുമായ ജനത്തിലേക്ക് പണിതുചേർക്കപ്പെട്ടിരിക്കുന്നു—വാ. 18-19, 21.

| | |
|---|---|
| വെളി. 21:18 | മതിലിന്റെ പണി സൂര്യകാന്തം ആയിരുന്നു; നഗരം സ്വച്ഛമായ കണ്ണാടിപോലെ, ശുദ്ധതങ്കമായിരുന്നു. |
| വെളി. 21:19 | നഗരമതിലിന്റെ അടിസ്ഥാനങ്ങൾ സകല വിലയേറിയ കല്ലിനാലും അലങ്കരിച്ചിരുന്നു: ഒന്നാമത്തെ അടിസ്ഥാനം സൂര്യകാന്തം; രണ്ടാമത്തേത് നീലരത്നം; മൂന്നാമത്തേത് മാണിക്യം; നാലാമത്തേത് മരതകം; |
| വെളി. 21:21a | പന്ത്രണ്ടു കവാടങ്ങൾ പന്ത്രണ്ടു മുത്തുകൾ ആയിരുന്നു; ഓരോ കവാടവും ഓരോ മുത്തുകൊണ്ടുള്ളതായിരുന്നു... |

2. പുതിയ യെരൂശലേമായിത്തീർന്ന ദൈവം പണിയുന്നവനും പണിയപ്പെട്ടവനുമായ ദൈവമാണ്—2 ശമൂ. 7:12, 14; മത്താ. 16:18; എഫെ. 3:17:

| | |
|---|---|
| 2 ശമൂ. 7:12 | നിന്റെ ഉദരത്തിൽനിന്നു പുറപ്പെടുവാനിരിക്കുന്ന സന്തതിയെ നിന്റെ ആയുഷ്കാലം തികഞ്ഞിട്ടു നിന്റെ പിതാക്കന്മാരോടുകൂടെ നീ നിദ്രകൊള്ളുമ്പോൾ ഞാൻ നിനക്കു പിന്തുടർച്ചയായി സ്ഥിരപ്പെടുത്തുകയും അവന്റെ രാജത്വം ഉറപ്പാക്കുകയും ചെയ്യും. |
| 2 ശമൂ. 7:14a | ഞാൻ അവന്നു പിതാവും അവൻ എനിക്കു പുത്രനും ആയിരിക്കും;... |
| മത്താ. 16:18 | നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു. |
| എഫെ. 3:17 | അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്,, |

a. സ്രോതസ്സും മൂലകവും സാരാംശവും എന്ന നിലയിൽ പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനുമായ ത്രിയേക ദൈവം നമ്മുടെ ആളത്തത്തിലേക്ക് തന്നെത്തന്നെ കെട്ടുപണിചെയ്യുന്നതിലൂടെ സഭയെ പണിയുന്നു—വാ. 17.

| | |
|---|---|
| എഫെ. 3:17 | അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്, |

b. ക്രിസ്തുവിൽ ദൈവം അവനെത്തന്നെ നമ്മുടെ ആളത്തത്തിലേക്കും നമ്മെ അവന്റെ ആളത്തത്തിലേക്കും കെട്ടുപണിചെയ്യുവാനുള്ള തന്റെ ആഗ്രഹം നിറവേറ്റുന്നു; ഒടുവിൽ, ഈ കെട്ടുപണിയുടെ ഫലം പുതിയ യെരൂശലേം ആയിരിക്കും—വെളി. 21:2, 10.

| | |
|---|---|
| വെളി. 21:2 | പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം, അവളുടെ ഭർത്താവിനായി അലങ്കരിക്കപ്പെട്ട മണവാട്ടിയായി ഒരുക്കപ്പെട്ട്, സ്വർഗത്തിൽനിന്ന് ദൈവത്തിന്റെ പക്കൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു. |
| വെളി. 21:10 | അവൻ എന്നെ ആത്മാവിൽ വലുതും ഉയർന്നതുമായ ഒരു മലമേൽ എടുത്തുകൊണ്ടുപോയി, യെരൂശലേം എന്ന വിശുദ്ധനഗരം സ്വർഗത്തിൽ നിന്ന് ദൈവത്തിന്റെ പക്കൽനിന്ന്, ദൈവ തേജസ്സുള്ളതായി ഇറങ്ങിവരുന്നത് കാണിച്ചുതന്നു. |

D. വെളിപ്പാട് പുസ്തകത്തിൽ നമുക്ക് ദിവ്യ പകർച്ചയ്ക്കായുള്ള ദിവ്യ ത്രിത്വത്തിന്റെ പരിണിതമായ വെളിപാടുണ്ട്—22:1-2; 7:17; 21:6; യോഹ. 4:14:

| | |
|---|---|
| വെളി. 22:1 | വീഥിയുടെ നടുവിൽ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ, ജീവജല നദി അവൻ എന്നെ കാണിച്ചു. |
| വെളി. 22:2 | നദിയുടെ ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടായിരുന്നു, അത് പന്ത്രണ്ടു ഫലം പുറപ്പെടുവിച്ചുകൊണ്ട്, ഓരോ മാസവും അതിന്റെ ഫലം കായ്ക്കുന്നു; വൃക്ഷത്തിന്റെ ഇലകൾ, രാഷ്ട്രങ്ങളുടെ സൗഖ്യത്തിനു വേണ്ടിയാകുന്നു. |
| വെളി. 7:17a | എന്തെന്നാൽ സിംഹാസനത്തിനു മധ്യേയുള്ള കുഞ്ഞാട് അവരെ മേയ്ക്കുകയും ജീവജലത്തിന്റെ ഉറവകളിലേക്ക് വഴിനടത്തുകയും ചെയ്യും;... |
| വെളി. 21:6 | അവൻ എന്നോട്, അവ സംഭവിച്ചുതീർന്നു. ഞാൻ അൽഫയും |

ഓമേഗയും, ആദിയും അന്തവും ആകുന്നു. ദാഹിക്കുന്നവനു സൗജന്യമായി ജീവജലത്തിന്റെ ഉറവിൽനിന്നു ഞാൻ നൽകും.

യോഹ. 4:14 എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളത്തിൽനിന്ന് കുടിക്കുന്ന ഏവനും ഒരുവിധത്തിലും ഒരുനാളും ദാഹിക്കയില്ല; എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളം അവനിൽ നിത്യജീവനിലേക്ക് പ്രവഹിച്ചുയരുന്ന നീരുറവയായിത്തീരും എന്ന് ഉത്തരം പറഞ്ഞു..

1. അവരുടെ ജീവനും ജീവസഹായവും സകലവുമായി തന്റെ തിരഞ്ഞെടുക്കപ്പെട്ടവരും വീണ്ടെടുക്കപ്പെട്ടവരുമായ ജനത്തിലേക്ക് ദൈവം തന്നെത്തന്നെ പകർന്നുനൽകുന്നതാണ് ദിവ്യ പകർച്ച—2 കൊരി. 13:14.

   2 കൊരി. 13:14 കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

2. ദിവ്യ പകർച്ചയിൽ, പിതാവ് സ്രോതസ്സാണ്, പുത്രൻ നീരുറവയാണ്, ആത്മാവ് ഒഴുക്കാണ്.